Announcement

അറിയിപ്പ്

മി. സ്പീക്കർ: ഓർഡർ..... ഓർഡർ.... ആയുർവേദ ഹോസ്പിറ്റൽ മാനേജ്മെന്റ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഇന്ന് നിയമസഭ മന്ദിരത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് അസംബ്ലി ബ്ലോക്കിനും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിനും മധ്യേ ഗ്രൗണ്ടിന്റെ ഇരുവശങ്ങളിലുമായി സജ്ജീകരിച്ചിട്ടുള്ള മെഡിക്കൽ ക്യാമ്പിന്റെ സൗജന്യ സേവനം നിയമസഭാ സാമാജികർക്കും ജീവനക്കാർക്കും ലഭിക്കുന്നതാണ്. പ്രസ്തുത സേവനം എല്ലാവരും പരമാവധി വിനിയോഗിക്കണമെന്ന് അഭ്യർഥിക്കുന്നു.

ഓർഡർ..... ഓർഡർ.... മുൻ സർക്കാരിന്റെ കാലത്ത് അവതരിപ്പിച്ച ബജറ്റിൽ പരാമർശിച്ചിരുന്ന സ്റ്റാർട്ടപ്പ് സംരംഭമായ ബിയോണ്ട് ചിപ്സിന്റെ പ്രോഡക്ടുകൾ നിയമസഭാ സാമാജികർക്ക് വിതരണം ചെയ്യുന്നതിനായി ലെജിസ്ലേറ്റേഴ്സ് ഹോമിൽ എത്തിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ കാർഷിക ക്ഷേമ മന്ത്രാലയത്തിന്റെ മികച്ച സ്റ്റാർട്ടപ്പ് ആയി ആദരവ് ലഭിച്ച ശ്രീ. മാനസ് മധുവിന്റെ സംരംഭമാണിത്. അത് നിയമസഭ മന്ദിരത്തിലും വിതരണം ചെയ്യുന്നതിനായി ഏൽപ്പിച്ചിട്ടുണ്ട്.